# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

04.02.2014 ൽ - മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4572

### എ.പി.എൽ - ബി.പി.എൽ കാർഡുകൾ സംബന്ധിച്ച്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി ഗീതാ ഗോപി | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) എ.പി.എൽ പട്ടികയിൽ നിന്ന് ബി.പി.എൽ. പട്ടികയിലേക്ക് മാറുന്നതിന് സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കുമോ; | (എ) & (ബി) | സംസ്ഥാനത്ത് 2009-ൽ അദ്ധ്യാപകരെ ഉപയോഗിച്ച് ബി.പി.എൽ സർവ്വേ നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുളള മാനദണ്ഡം 14.01.2011-ലെ സ.ഉ.(കൈ)നം.16/11/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ചിരുന്നു. 2011-ൽ കരട് ബി.പി.എൽ. പട്ടിക നിലവിൽ വന്നു. എന്നാൽ പ്രസ്തുത പട്ടികയിന്മേലുളള ആക്ഷേപങ്ങളും/പരാതികളും പരിശോധിച്ച് തീർപ്പ് കൽപ്പിക്കാൻ 21.12.2011-ലെ സ.ഉ (സാധാ)നം.3050/11/ത.സ്വ.ഭ.വ പ്രകാരം ഉത്തരവായെങ്കിലും തുടർന്ന് അവ തത്ക്കാലം പരിശോധിക്കേണ്ട എന്നും ആവശ്യമെങ്കിൽ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസിനു ശേഷം പരിശോധിക്കാമെന്നും 27.04.2012.ലെ സ.ഉ(സാധാ)നം.1205/12/ത.സ്വ.ഭ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സാമൂഹ്യ സാമ്പത്തിക ജാതി എന്യൂമറേഷൻ പൂർത്തിയാക്കി കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുളള നടപടി പുരോഗമിച്ചു വരികയാണ്. പ്രസിദ്ധീകരിച്ചതിനുശേഷം ടി പട്ടികയിലുളള പരാതികൾ ഗ്രാമസഭ കൂടി പരിഹരിച്ചതിനു ശേഷം മാത്രമേ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ സാധിക്കുകയുളളൂ. എന്നാൽ പല ജില്ലകളിലും ജില്ലാ കളക്ടർമാർ മുൻകൈയെടുത്ത് ബി.പി.എൽ. അർഹത സംബന്ധിച്ച് പരാതികൾ പരിശോധിച്ച് അർഹരായവർക്ക് ബി.പി.എൽ. കാർഡ് നൽകുന്നതിനുളള നടപടി സ്വീകരിച്ചു വരുന്നുണ്ട്. ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടാൻ അർഹതയുളള വളരെയധികം കുടുംബങ്ങൾ പട്ടികയിൽ ഉൾപ്പെടാത്ത സാഹചര്യമാണ് നിലവിലുളളത്. ആയതിനാൽ പ്രസ്തുത മാനദണ്ഡം ഭേദഗതി വരുത്തേണ്ടതുമായി ബന്ധപ്പെട്ട് പ്ലാനിംഗ് കമ്മീഷന്റെ അഭിപ്രായം തേടിയിട്ടുണ്ട്. |
| (ബി) ഇങ്ങനെ മാറ്റുന്നതിന് നേരിടുന്ന കാലതാമസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ